# സിറ്റിസൺ അദാലത്ത്

**ഉത്തരവ് നമ്പർ BPIDK20611000012/IVO2/LSGD - ഇടുക്കി  തിയതി 15/07/2025**

തോമസ് എം പയ്യപ്പമുറിയിൽ  ചക്കുപള്ളം പി ഒ  എന്നയാൾ സമർപ്പിച്ച പരാതിയിൽ ചക്കുപള്ളം ഗ്രാമ പഞ്ചായത്തിൽ  തന്റെ സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് നമ്പർ ലഭിക്കാത്തത് സംബന്ധിച്ചാണ് പരാതി ഉന്നയിച്ചിരിക്കുന്നത്.

**കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട്**

അപേക്ഷകൻ ലൈസൻസി മുഖാന്തിരം കെട്ടിട നമ്പറിലുള്ള അപേക്ഷകൾ ഒന്നും പഞ്ചായത്തിൽ ആവശ്യമായ രേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നൽകിയിട്ടില്ല എന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

**അദാലത്ത് സമിതി തീരുമാനം**

ചക്കുപള്ളം പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറും ബിൽഡിംഗ്  സെക്ഷൻ ക്ലർക്കും സമിതി മുമ്പാകെ ഹാജരായി, കെട്ടിട നമ്പറിനുള്ള അപേക്ഷകൾ ഒന്നും അപേക്ഷകൻ യഥാവിധി സമർപ്പിച്ചിട്ടില്ല എന്നും ആയത് ലഭിച്ചാൽ ഉടൻ താമസംവിനാ  നടപടികൾ സ്വീകരിക്കുമെന്നും അവർ സമിതിയെ അറിയിച്ചു. പരാതിക്കാരനെ ഓൺലൈൻ ആയി സമിതി കേട്ടു. കെട്ടിട നമ്പറുകൾക്കുള്ള അപേക്ഷകൾ ഗ്രാമപഞ്ചായത്തിൽ ഉടൻ സമർപ്പിക്കുന്നതാണെന്ന്  അപേക്ഷകൻ സമിതിയെ ധരിപ്പിച്ചു .

നമ്പറിനുള്ള അപേക്ഷ സമർപ്പിക്കുന്ന ക്രമത്തിൽ നമ്പർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അപേക്ഷകന് കത്ത് നൽകുന്നതിനും അപേക്ഷ ലഭിച്ചാൽ  ഉടൻ തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി പരാതി തീർപ്പാക്കി  സമിതി തീരുമാനിച്ചു

വിശ്വസ്തതയോടെ

JOSEPH T.F
PEN - 717811
Assistant Director
(Internal Vigilance Officer)
O/o The District Joint Director
LSGD, Idukki, Kuyilimala - 685603

കൺവീനർ (

ഇന്റേണൽ വിജിലൻസ്  ഓഫീസർ യൂണിറ്റ് 1,2

തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി